പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1730** **11.02.2013 ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ മടവീഴ്ചക്ക് നഷ്ടപരിഹാരം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | ശ്രീ.കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) മടവീഴ്ച മൂലം കുട്ടനാട്ടിലെ ഏതെല്ലാം പാടശേഖരങ്ങളിൽ കൃഷി നാശം സംഭവിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | 2012-13 ൽ വിവിധ കാരണങ്ങളാൽ മടവീഴ്ചയുണ്ടായ കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു |
| (ബി) കർഷകർക്ക് ഈ ഇനത്തിൽ എത്ര തുക നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;<br><br>(സി) ഏതെല്ലാം പാടശേഖരങ്ങൾക്ക് ഇനിയും നഷ്ടപരിഹാരം അനുവദിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) | 2012 ലെ തെക്ക്-പടിഞ്ഞാറൻ കാലവർഷം, വേനൽമഴ, വടക്ക്-കിഴക്കൻ കാലവർഷം എന്നിവയിലുണ്ടായ മടവീഴ്ചയിൽ സംഭവിച്ച കൃഷിനാശത്തിന് നഷ്ടപരിഹാരം നല്കുന്നതിനുള്ള ശുപാർശ ആലപ്പുഴ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള റീജിയണൽ ക്രൈസിസ് മാനേജ്മെന്റ് സെൽ ശുപാർശ ചെയ്ത് സംസ്ഥാനതല ക്രൈസിസ് മാനേജ്മെന്റ് സെല്ലിന്റെ പരിഗണനയ്ക്ക് നല്കിയിട്ടുണ്ട്. 20.12.2011 മുതൽ 24.12.11 വരെയുണ്ടായ മടവീഴ്ചയിൽ കൃഷിനാശം സംഭവിച്ച കുട്ടനാട്ടിലെ സി ബ്ലോക്ക് കായൽപാടശേഖരത്തിലെ കർഷകർക്ക് ഹെക്ടറിന് 20,000/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ച് നല്കിയിട്ടുണ്ട്. ഇതേ കാലയളവിൽ മടവീഴ്ചയിൽ കൃഷിനശിച്ച ഡി ബ്ലോക്ക് പുത്തനാറായിരം, മംഗലം മാണിക്യമംഗലം, എന്നീ കായൽ പാടശേഖരങ്ങളിലെ കർഷകർക്ക് ഹെക്ടറിന് 20,000/- രൂപ നിരക്കിലും പുന്നുരം തെക്ക് പാടശേഖരത്തിലെ കർഷകർക്ക് ഹെക്ടറിന് 10,000/- രൂപ നിരക്കിലും കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള ക്രൈസിസ് മാനേജ്മെന്റ് ഫണ്ടിൽ നിന്ന് ധനസഹായം നല്കാൻ ഉത്തരവ് ആയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ശീർഷകത്തിൽ തുക ലഭ്യമല്ലാത്തതിനാൽ ആവശ്യമായ തുക അധികധനവിനിയോഗം വഴി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**

ത

## അനുബന്ധം

| കാലവർഷം | പാടശേഖരം | കൃഷിഭവൻ |
|---|---|---|
| തെക്ക് പടിഞ്ഞാറൻ കാലവർഷം 2012 | സി ബ്ലോക്ക് കായൽപാടശേഖരം | കൈനകരി |
| | ഡി ബ്ലോക്ക് പുത്തനാറായിരം | പുളിങ്കുന്ന് |
| | പരുത്തിവളവ് | കൈനകരി |
| | മുണ്ടുതുരുത്ത് പോളത്തുരുത്ത് | വീയപുരം |
| | തെന്നടി വടക്ക് | തകഴി |
| | ബ്ലോക്ക് 14 | ചെന്നിത്തല |
| വേനൽ മഴ 2012 | മണിമലക്കാട് | ചമ്പക്കുളം |
| | കണ്ണാംകുരുടി | പുന്നപ്ര നോർത്ത് |
| | കന്നമ്മ എ ബ്ലോക്ക് | അമ്പലപ്പുഴ |
| വടക്ക് കിഴക്കൻ കാലവർഷം | ഇരുമ്പനം | കൈനകരി |
| | നെല്ലുവേലി പുതുക്കേരി | മാമങ്കരി |
| | ആറുപങ്ക് | കൈനകരി |
| | പടിഞ്ഞാറ്റെ കടവുംപന്തി | വെളിയനാട് |
| | പൊന്നക്കരിപാടം | പുന്നപ്ര |

സെക്ഷൻ ഓഫീസർ